ദേശാഭിമാനി

09 November 2017

# മണ്ണില്ലാ നടീൽ മിശ്രിതത്തിന് ആവശ്യക്കാരേറുന്നു

Thursday Nov 9, 2017

വെബ് ഡെസ്ക്

കൊച്ചി > മണ്ണിനു പകരമായി ഉപയോഗിക്കാവുന്ന മണ്ണില്ലാ നടീൽ മിശ്രിതം വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാൻ കൂടുതൽപേർ രംഗത്ത്. മിശ്രിതം വിപണിയിലെത്തിക്കുന്നതിന് സ്വയംസംരംഭകരാകാൻ തയ്യാറായി മുന്നോട്ടുവന്നവർക്ക് എറണാകുളം കൃഷി വിജ്ഞാനകേന്ദ്രം (കെവികെ) സാങ്കേതികവിദ്യ കൈമാറി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) കീഴിൽ പ്രവർത്തിക്കുന്ന കെവികെ മാസങ്ങൾക്കുമുമ്പ് വികസിപ്പിച്ച മിശ്രിതം ഏറെ പ്രചാരം നേടിയിരുന്നു.

പഞ്ചസാര മില്ലുകളിൽനിന്ന് പുറന്തള്ളുന്ന പ്രസ്മഡ് എന്ന ഉപോൽപ്പന്നം കമ്പോസ്റ്റ് ചെയ്താണ് മണ്ണിന് പകരമായി ഉപയോഗിക്കാവുന്ന മിശ്രിതം നിർമിക്കുന്നത്. അഞ്ചു കിലോ പ്രസ്മഡ്, 2.5 കിലോ ചാണകപ്പൊടി, 2.5 കിലോ ചകിരിച്ചോർ, ഡോളമൈറ്റ്, സ്യൂഡോമൊണാസ്, വേപ്പിൻ പിണ്ണാക്ക് എന്നിവ ചേർത്തുണ്ടാക്കുന്ന ഈ മിശ്രിതം പോഷകസമ്പുഷ്ടവും പലതവണ ഉപയോഗിക്കാവുന്നതുമാണ്.

താൽപ്പര്യമുള്ളവർക്ക് മിശ്രിതം ഉൽപ്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യയും പരിശീലനവും തുടർന്നും നൽകുമെന്ന് കെവികെ മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ അറിയിച്ചു. 8281757450 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്യാം.